(8) ഗ്യാരന്റികൾ

- ഗ്യാരന്റികളുടെ വീഴ്ച മൂലം നഷ്ടം ഉണ്ടാകുന്ന പക്ഷം അതു പങ്കിടാൻ നടപടികൾ എടുത്തുവരുന്നു.
- സംസ്ഥാനം നൽകിയിട്ടുള്ള ഗ്യാരന്റികൾ ജി.എസ്.ഡി.പി. 13.6 ശത മാനമായി നിലനിർത്തിയിട്ടുണ്ട്.
- ഗ്യാരന്റികളുടെ പരമാവധി പരിധി 14,000 കോടി രൂപയാക്കി നിശ്ചയിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ട് നടപ്പിൽവരുത്തി.
- ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരണ നടപടിയിലാണ്.

(എഫ്) കേന്ദ്ര ഗവൺമെന്റുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് കത്ത് കൈമാറ്റം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് സാമ്പത്തിക പരിഷ്ക്കരണം നിരീക്ഷിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ പ്രോത്സാഹന നിധിയിൽ നിന്നും 2000-01, 2001-02 കാലയളവിൽ സഹായധനം ലഭിക്കുകയുണ്ടായി. 11-ാം ധനകാര്യ കമ്മീഷന്റെ അവശേഷിക്കുന്ന കാലയളവിലേക്ക് സഹായധനം 2004-05 വർഷത്തെ അന്തിമ കണക്കു പ്രകാര മുള്ള റവന്യൂ കമ്മി വിലയിരുത്തിയാൽ മാത്രമെ കണക്കാക്കാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും നിലവിലുള്ള കടം ആദായകരമായി പുനഃക്രമീകരിക്കുന്നതിനും പബ്ലിക് അക്കൗണ്ടിലെ കടം കുറയ്ക്കുന്നതിനുമായി പൊതു വിപണിയിൽ നിന്ന് കടം എടുക്കുവാനുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിക്കൊണ്ടിരി ക്കുകയാണ്.

രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

*17 [433] ശ്രീ. പി. ജയരാജൻ:
„ ടി. കെ. ബാലൻ:
„ മഞ്ഞളാംകുഴി അലി:
„ പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് എന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇതിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിനകം ഏതെല്ലാം ശുപാർശകളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ആദ്യ ഭാഗം 8-1-2001-ൽ ആണ് സർക്കാരിന് ലഭിച്ചത്.

(ബി) റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ശുപാർശകളിന്മേൽ മിക്കതിലും നടപടി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) ശുപാർശ നം. 2 (2) പ്രകാരം ബഡ്ജറ്റ് വർഷത്തിന് 2 കൊല്ലം പുറകിലുള്ള സാമ്പത്തിക വർഷത്തെ, അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന കണക്കുകളെ ആസ്പദമാക്കി, സർക്കാർ സംസ്ഥാനത്തിന്റെ ആകെ തനത് നികുതി വരുമാനത്തിന്റെ അഞ്ചര ശതമാനത്തിന് തുല്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് കൊടുത്ത ആസ്തികളുടെ സംരക്ഷണത്തിനായി 2004-05-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശുപാർശ നം. 2 (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് നൽകി വരുന്ന ഭൂനികുതി, സ്റ്റാമ്പ് ഡ്യൂട്ടിയിന്മേലുള്ള സർച്ചാർജ്ജ്, വാഹനനികുതി നഷ്ടപരിഹാരം (VTC), റൂറൽ പൂൾ സഹായധനങ്ങൾ പൊതുവായും പ്രത്യേകമായും നഗരഭരണ പ്രദേശങ്ങൾക്ക് കൊടുക്കുന്ന സഹായധനങ്ങൾ മറ്റ് പദ്ധതിയേതര സഹായ ധനങ്ങൾ എന്നിവയ്ക്കെല്ലാം പകരമായി മുകളിൽ പറഞ്ഞ പ്രകാരം അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരവിന്റെ മൂന്നര ശതമാനം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ കൊല്ലവും പൊതു ആവശ്യങ്ങൾക്കുള്ള സഹായധനമായി നൽകുന്നതിനും നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 11 (2)-ാം നമ്പർ ശുപാർശ നടപ്പിലാക്കി കൊണ്ടുള്ള ഉത്തരവ് 9-7-2003-ലെ സ.ഉ. (പി) നം. 381/2003/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004 ഏപ്രിൽ മാസം മുതൽ തുക വിതരണം ചെയ്തു തുടങ്ങിയിട്ടുമുണ്ട്. 11 (11)-ാം നമ്പർ ശുപാർശ പ്രകാരം പദ്ധതി ഗ്രാന്റിനും സംരക്ഷണ ഗ്രാന്റിനും നിലവിലുണ്ടായിരുന്ന പി.ഡി. അക്കൗണ്ട് സംവിധാനം മാറ്റി ട്രഷറികളിൽനിന്നും ബില്ല് മുഖേന പണം പിൻവലിക്കുന്നതിനുള്ള സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം മുകളിൽ പറഞ്ഞ ഉത്തരവിൽ ഉണ്ടെങ്കിലും അത് നടപ്പിലാക്കുന്നത് 30-9-2004 വരെ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ഡി) 2 (2), 2 (3), 11 (2) എന്നീ ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്.

(ഇ) നടപടി റിപ്പോർട്ടോടുകൂടി കമ്മീഷൻ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly